**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3441** **26-10-2021 - ൽ മറുപടിയ്ക്ക്**

**കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതിക്ഷോഭം പോലുള്ളവയിൽ നിന്നും കൃഷിയേയും കൃഷിയിടങ്ങളേയും സംരക്ഷിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രകൃതി വിഭവങ്ങളും ജൈവ സമ്പത്തും നിലനിർത്തികൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയിൻ കീഴിൽ ഈ വർഷം 84,000 ഹെക്ടർ വിസ്തൃതിയിൽ ജൈവ കൃഷി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി മൂന്ന് വർഷം കൊണ്ടാണ് നടപ്പിലാക്കുന്നത്. ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ (FIG) രൂപീകരണം :- ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനുമായി ഒരു ക്ലസ്റ്ററിൽ രണ്ട് ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ :- പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും, പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു. പി.ജി.എസ് സർട്ടിഫിക്കേഷൻ :- പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ് ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് പി.ജി.എസ് ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് സൗജന്യമായി കർഷകർക്ക് നൽകുന്നു. പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞാൽ പി.ജി.എസ് ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റും സൗജന്യമായി നൽകുന്നു. പി.ജി.എസ് ഇന്ത്യ സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ Jaivik Kheti (www.jaivikkheti.in) പോർട്ടൽ വഴി ആരംഭ ഘട്ടത്തിൽ തന്നെ വില്പന നടത്തുവാനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം "ഇ-വിപണിയിലൂടെ" സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ